# ശ്രീ രാം ചന്ദ്ര മിഷൻ
# വാർത്താപത്രിക - ഇന്ത്യ

ജനുവരി 2008 | സ്വകാര്യ പ്രചരണത്തിനു മാത്രം | വോല്യം 1 ലക്കം 1



പ്രിയ സഹോദരീ സഹോദരന്മാരേ,
പ്രണാമം.

ശ്രീ രാം ചന്ദ്ര മിഷൻ ഇന്ത്യാ വാർത്താപത്രികയുടെ ആദ്യലക്കത്തിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ വാർത്താപത്രികയിലൂടെ, മാസ്റ്ററുടെ യാത്രകൾ, അറിയിപ്പുകൾ, സംഭവവികാസങ്ങൾ തുടങ്ങിയവ നിങ്ങളെ അറിയിക്കുന്നതാണ്.

ഈ വാർത്താപത്രിക രണ്ടുമാസത്തിലൊരിക്കൽ ഇംഗ്ലീഷ് ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ, മലയാളം, ബംഗാളി, ഗുജറാത്തി, മറാത്തി തുടങ്ങിയ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. തങ്ങൾക്കിഷ്ടമുള്ള ഭാഷയിൽ ഇത് ലഭിക്കുന്നതിന് അഭ്യാസികൾക്ക് വരിക്കാരാകാം. വരിക്കാരാകുന്നവർക്ക് ഈ വാർത്താപത്രിക ഇ-മെയിൽ മുഖേന ലഭ്യമാകും. ഈ വാർത്താപത്രികയുടെ പഴയ ലക്കങ്ങൾ മിഷന്റെ വെബ്സൈറ്റിൽ Http://www.srcm.org/centers/as/in/newsletter/index.jsp ലഭ്യമായിരിക്കും.

ഇന്ത്യയിലെല്ലായിടത്തുനിന്നുമുള്ള വാർത്താലേഖനങ്ങൾ അയച്ചുതരുവാൻ താല്പര്യപ്പെടുന്നു. ഇവ, മാർച്ച് ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതിന് സോൺ-ഇൻ-ചാർജ്ജിന്റെ അംഗീകാരത്തിനു വിധേയമായി, 2008 ഫെബ്രുവരി 20 ന് മുമ്പ് in.newsletter @ srcm.org എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

നിങ്ങൾക്കെല്ലാവർക്കും സന്തോഷകരവും സമൃദ്ധവുമായ പുതുവർഷം മാസ്റ്ററുടെ അനുഗ്രഹത്തോടൊപ്പം ആശംസിക്കുന്നു.



പ്രസാധകർ

## പൂജ്യമാസ്റ്ററുടെ യൂറോപ്പ് യാത്ര - ഡിസംബർ 5 - 29, 2007



2007 ഡിസംബർ 5-ാം തിയ്യതി ബ്രസ്സൽസിലേക്ക് (ബെൽജിയം) മാസ്റ്റർ 30 ഓളം അഭ്യാസികളോടൊപ്പം ചെന്നൈയിൽ നിന്നും യാത്ര തിരിച്ചു. അവിടെയെത്തിയ അദ്ദേഹം ഹോട്ടൽ റിസപ്ഷനിൽ രാവിലെ 9.30 മുതൽ 12.00 മണിവരെ കാത്തുനിന്നുകൊണ്ട്, സഹിഷ്ണുതയും ക്ഷമയും എന്താണെന്ന് ഞങ്ങളെ പഠിപ്പിക്കുന്ന വിധത്തിൽ സ്വയം മാതൃകയായി.

ആറാം തിയ്യതി രാവിലെ മാസ്റ്റർ പാരീസിലേക്ക് യാത്ര തിരിച്ചു. അവിടെ അദ്ദേഹത്തെ സ്വീകരിക്കുവാനായി ആയിരത്തോളം അഭ്യാസികൾ എത്തിയിരുന്നു. ബാബുജി പാരീസിൽ എത്തുമ്പോൾ താമസിച്ചിരുന്നതുപോലെ, മാസ്റ്ററും ഈഫൽ ഗോപുരത്തിന്റെ അരികിലുള്ള ഒരഭ്യാസിയുടെ വീട്ടിലാണ് താമസിച്ചത്. ഡിസംബർ 15 ന് അദ്ദേഹം വ്രാദ്സിലേക്ക് റോഡുമാർഗം തിരിച്ചു. അവിടെ അദ്ദേഹം 11 ദിവസത്തോളം പതിനാറുരാജ്യങ്ങളിൽ നിന്നായുള്ള തൊള്ളായിരം അഭ്യാസികളോടൊത്ത് താമസിച്ചു. ക്രിസ്തുമസിനോടടുത്തുള്ള ഈ യാത്രയിൽ വ്രാദ്സിൽ ഉത്സവാന്തരീക്ഷം തന്നെയായി. ഹിമപുതപ്പണിഞ്ഞ ഭൂമി ധവളാഭമായി കാണപ്പെട്ടു. 'ഗോൾഡൻ കോമ്പസ്' എന്ന സിനിമ കാണാനായി ധാരാളം അഭ്യാസികൾ അടുത്തുള്ള സിനിമാശാലയിലേക്ക് മാസ്റ്ററെ അനുഗമിച്ചു. ബാബുജിയുടെ ജന്മദിനാഘോഷങ്ങൾക്കായി അമേരിക്കയിലെ ക്ലീവ്‌ലാന്റിലേക്ക് പോകുമെന്ന് അദ്ദേഹം അറിയിച്ചു. 26-ന് വ്രാദ്സിലെ അഭ്യാസികളോട് സ്നേഹപൂർവ്വമായ വിട പറയലോടെ മാസ്റ്റർ വടക്കൻ ജർമ്മനിയിലെ ബ്രെമൻ എന്ന കൊച്ചുപട്ടണത്തിലേക്ക് യാത്രയായി. വൈകുന്നേരം ബ്രെമനിലെയും മറ്റു സമീപസെന്ററുകളിലെയും അഭ്യാസികളെ സന്തോഷിപ്പിച്ചുകൊണ്ട് അദ്ദേഹം ഒരുപാട് വിഷയങ്ങൾ സംസാരിച്ചു. ഹൃദയപൂർവ്വം സംസാരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു : "ജർമ്മൻകാർ സത്യത്തെ സ്നേഹിക്കുന്നവരാണ്. എവിടെപോയാലും എന്തെങ്കിലും നൽകേണ്ടതിനെപ്പറ്റി എന്റെ ഗുരു എന്നെ പഠിപ്പിച്ചിരുന്നു. ഞാൻ സത്യം പറയുമ്പോൾ അത് നിങ്ങളോടൊപ്പം നിലനിൽക്കും. എന്നെങ്കിലും നിങ്ങളതോർക്കും. അതുകൊണ്ട് നാം എല്ലായ്പ്പോഴും, എല്ലാവരോടും ഹൃദയപൂർവ്വം സംസാരിക്കണം. അഭ്യാസികളുടെ ഇടയിൽ മാത്രമല്ല, നമ്മൾ ബന്ധപ്പെടുന്നവരോടെല്ലാം അപ്രകാരമായിരിക്കണം.



ഡിസംബർ 27 ന് രാവിലെ മാസ്റ്റർ ബ്രസൽസിലേക്ക് യാത്രയായി. അവിടെനിന്നും 29 ന് ചെന്നൈയിലേക്ക് മടങ്ങുകയും ചെയ്തു. മാസ്റ്ററോടൊപ്പം യാത്രചെയ്തിരുന്ന എല്ലാ അഭ്യാസികൾക്കും ഇതൊരു മറക്കാനാവാത്ത അനുഭവമായിരുന്നു. തന്നെ പൂർണ്ണമായും മറന്നുകൊണ്ട്, അഭ്യാസികളോടുള്ള സ്നേഹത്താൽ അദ്ദേഹം ഹൃദയം തുറന്നിരുന്നു. അവശ്യമായി ഹൃദയപൂർവ്വം പെരുമാറുവാൻ അദ്ദേഹം ഉദ്ബോധിപ്പിക്കുകയായിരുന്നു. ഹൃദയപൂർവ്വം ചിന്തിക്കുവാനും സംസാരിക്കുവാനും ശരിയായ കാര്യങ്ങൾക്കായി നിലകൊള്ളാനും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ബ്രദർ. എം.എം. ധാനുമൂർത്തി, തിരുപ്പൂർ.

## പുതുവത്സരം - മണപ്പാക്കം, ചെന്നൈ



ഡിസംബർ 30, 2007, ഞായറാഴ്ച വെളുപ്പിന് 2.15 ന് മാസ്റ്റർ ബ്രസൽസിൽ നിന്നും ചെന്നൈ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തി. 400 ലധികം അഭ്യാസികൾ അദ്ദേഹത്തെ വരവേല്ക്കാനായി അവിടെ കാത്തുനിന്നിരുന്നു. മാസ്റ്റർ വളരെ പ്രസന്നവദനനായി കാണപ്പെട്ടു. അദ്ദേഹത്തെ സ്വീകരിക്കാനായി എത്തിയ അഭ്യാസികളെ മാസ്റ്റർ അഭിവാദ്യം ചെയ്തു. പിന്നീടദ്ദേഹം ബാബുജി മെമ്മോറിയൽ ആശ്രമത്തിലേക്ക് യാത്രയായി. പുതവത്സരത്തെ അദ്ദേഹത്തോടൊപ്പം വരവേൽക്കാനായി ധാരാളം അഭ്യാസികൾ അവിടെ എത്തിച്ചേർന്നിരുന്നു. അവരുടെ സ്നേഹോഷ്മളമായ വരവേല്പ് അദ്ദേഹം സ്വീകരിച്ചു.

തന്റെ നീണ്ട വിമാനയാത്രയും രാത്രി വൈകിയെത്തിയതും മറ്റു പരിഗണിക്കാതെ ഞായറാഴ്ച സത്സംഗം നടത്താനായി ഹാളിൽ അദ്ദേഹത്തെ കാത്തിരുന്ന 3000 ത്തോളം അഭ്യാസികളെ സന്തോഷിപ്പിച്ചുകൊണ്ട് അദ്ദേഹം വളരെ നേരത്തെ എത്തിച്ചേർന്നു. സത്സംഗത്തിനു ശേഷവും, 31-ാം തിയ്യതിയും പ്രിഫക്ടുകളെ തയ്യാറാക്കുന്നതിലും മറ്റു ഭരണപരമായ കാര്യനിർവ്വഹണത്തിലുമായി അദ്ദേഹം മുഴുകി. 31-നു വൈകുന്നേരം അദ്ദേഹം തന്റെ 'ഗോൾഫ് കാർട്ടി'ൽ ആശ്രമത്തിൽ ചുറ്റിക്കറങ്ങി.

ജനുവരി 1-ാം തിയ്യതി മാസ്റ്റർ അവിടെ സന്നിഹിതരായിരുന്ന 5000 അഭ്യാസികൾക്കായി സത്സംഗം നടത്തി. വൈകുന്നേരം അദ്ദേഹം തന്റെ കോട്ടേജിനു വെളിയിലുള്ള ബാബുജി മഹരാജിന്റെ പ്രതിമയ്ക്കരികിൽ നിശബ്ദനായി കുറച്ചുസമയം ചിലവിട്ടു. പുതുവത്സരപ്പിറവിയിൽ പൂജ്യമാസ്റ്ററോടൊത്ത് ചിലവഴിക്കാനെത്തിയ അഭ്യാസികൾ മണപ്പാക്കം ആശ്രമത്തിൽ അവരോഹിതമായ ആത്മീയാന്തരീക്ഷത്തിലും അദ്ദേഹത്തിന്റെ സ്നേഹത്തിലും മുങ്ങിക്കുളിച്ചു.

(സഹജസന്ദേശത്തിൽ നിന്ന്)

**മാസ്റ്ററുടെ പുതുവത്സരസന്ദേശം**

"നിങ്ങളെല്ലാവരും ആത്മീയപുരോഗതി കൈവരിക്കട്ടെ"

### "അദ്ദേഹവും ഹുക്കയും ഞാനും"

ഈ പ്രത്യേക പ്രസിദ്ധീകരണത്തിനായുള്ള അപേക്ഷകൾ തുടർന്നും ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ, ഇതിന്റെ വരിക്കാരാവുന്നതിനായുള്ള സമയം മാസ്റ്റർ ദീർഘിപ്പിച്ചിരിക്കുന്നു. ആവശ്യമുള്ള അഭ്യാസികൾ തങ്ങളുടെ 'ക്രെഡിറ്റ് കാർഡ്' ഉപയോഗിച്ച് താഴെ പറയുന്ന വെബ്സൈറ്റിൽ പേരുകൾ നൽകാവുന്നതാണ്.

www.srcm.org/onlinebookstore/selectcountryforsubsciption.jsp

ഈ പ്രസിദ്ധീകരണത്തിന്റെ പുസ്തകരൂപം തമിഴിലും ഹിന്ദിയിലും ലഭ്യമാക്കാൻ തീരുമാനിച്ചിരിക്കുന്നു. 29-2-2008 നു മുമ്പ് പേര് രജിസ്റ്റർ ചെയ്യുന്നവർ 200 രൂപയും 1-3-2008 നു ശേഷം 300 രൂപയും അടക്കേണ്ടതാണ്. ഈ പ്രസിദ്ധീകരണത്തിന്റെ ശരിയായ ആസൂത്രണത്തിനായി അഭ്യാസികൾ തങ്ങളുടെ കോപ്പികൾ നേരത്തെ ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭ്യാസികൾ ഈ കാര്യത്തിനായി തങ്ങളുടെ സെന്റർ-ഇൻ-ചാർജ്ജ് / പുസ്തകപ്രസിദ്ധീകരണങ്ങളുടെ കോ-ഓർഡിനേറ്റർ എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

### സേവനം

സ്നേഹിക്കുന്നതിനേക്കാൾ സേവനം എളുപ്പമാണ്; സ്നേഹം പ്രയാസമേറിയ പ്രക്രിയയുമാണ്. സേവനം എളുപ്പമാണ്. ഹൃദയപൂർവ്വം ആരെയെങ്കിലും സേവിക്കുകയാണെങ്കിൽ അയാളുടെ സ്നേഹവും കടപ്പാടും നിങ്ങൾക്ക് പിടിച്ചെടുക്കാനാകും. നിങ്ങൾക്കർഹതപ്പെട്ടത് അദ്ദേഹത്തിന് തരാതിരിക്കാനാവില്ല.

## ബാബുജി മഹരാജിന്റെ 109-ാം ജന്മദിനാഘോഷങ്ങൾ (2008)

പൂജ്യ ബാബുജി മഹരാജിന്റെ 109-ാം ജന്മദിനാഘോഷവേളയിൽ ഒരു അന്താരാഷ്ട്രസെമിനാർ അമേരിക്കയിലെ ക്ലീവ്ലാന്റ്, ഓഹിയോ എന്ന സ്ഥലത്ത് നടത്താനായി മാസ്റ്റർ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം എല്ലാവരേയും അറിയിക്കുന്നു. 110 ഏക്കർ വരുന്ന 10,000 ത്തോളം അഭ്യാസികളെ സ്വീകരിക്കാവുന്ന ക്ലീവ്ലാന്റ് ഫെയർ ഗ്രൗണ്ടിൽ ആണ് ഈ സെമിനാർ നടക്കുക.

ഈ അന്താരാഷ്ട്രസെമിനാറിൽ പങ്കെടുക്കാനായി ലോകത്തെമ്പാടുമുള്ള അഭ്യാസികളെ മാസ്റ്റർ ക്ഷണിച്ചിട്ടുണ്ട്. ഏപ്രിൽ 28 മുതൽ മെയ് 1 വരെയാണ് സെമിനാർ. ജനുവരി ഒന്നാംവാരത്തോടെ ഇതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ഈ-മെയിൽ വഴി എല്ലാവരേയും അറിയിക്കുന്നതായിരിക്കും.

## ബാബുജി മെമ്മോറിയൽ ആശ്രമത്തിലെ യുവജനപരിപാടി-9 ാം ബാച്ച്

ഏപ്രിൽ 1, 2008 മുതൽ ജൂൺ 30, 2008 വരെ മണപ്പാക്കം ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ യുവജനപരിപാടിയുടെ 9-ാം ബാച്ച് നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. യുവജനങ്ങളെ, ആശ്രമനടത്തിപ്പിലെ വിവിധവശങ്ങൾ മനസ്സിലാക്കുന്നതിനും പരിശീലനം കൊടുക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ സെമിനാർ.

**ഈ പരിശീലനപരിപാടിയുടെ സവിശേഷതകൾ :**

- ഒരാശ്രമം എങ്ങനെ പരിപാലിക്കണം എന്നതിന്റെ വിവിധവശങ്ങളെപ്പറ്റിയും സഹജമാർഗത്തെപ്പറ്റിയും ഈ കാലയളവിൽ അഭ്യാസികളെ പരിശീലിപ്പിക്കുന്നു.
- ഇതിൽ പങ്കെടുക്കുന്ന അഭ്യാസികൾക്ക് യാതൊരു ചിലവുമില്ലാതെ, ആശ്രമത്തിൽ താമസിച്ചുകൊണ്ടാണ് ഈ പരിശീലനം. ഭക്ഷണം, താമസം തുടങ്ങിയവ ആശ്രമത്തിൽതന്നെ ഒരുക്കിയിട്ടുണ്ട്.

**താഴെ പറയുന്ന മാനദണ്ഡങ്ങൾ ഇതിനായി അപേക്ഷിക്കുന്നവർക്ക് ബാധകമായിരിക്കും :**

- 20 - 40 വയസ്സിനിടയിലുള്ള, ഇന്ത്യയിൽനിന്നുള്ളവരായിരിക്കണം അഭ്യാസികൾ.
- കുറഞ്ഞത് 2 വർഷമെങ്കിലും - അപേക്ഷിക്കുന്ന സമയത്ത് - സഹജമാർഗപരിശീലനം നടത്തിയവരായിരിക്കണം.
- ഒന്നോ രണ്ടോ ഭണ്ഡാരകളിൽ പങ്കെടുത്തിട്ടുള്ളവരായിരിക്കണം.
- സോൺ ഇൻ-ചാർജ്ജ്/സെന്റർ അഥവാ പ്രിസപ്റ്റർ ഇൻ-ചാർജ്ജിന്റെ സ്വഭാവ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം അയക്കണം.
- ആശ്രമത്തിൽ തരുന്ന ഭക്ഷണം, താമസം എന്നിവയൊഴികെ മറ്റൊരു സഹായവും - സാമ്പത്തികമോ, മറ്റേതെങ്കിലും തരത്തിലുള്ളതോ - ഈ പരിപാടിയുടെ കാലയളവിൽ പ്രതീക്ഷിക്കരുത്. അവരവർക്കാവശ്യമായ തുണികൾ, പണം എന്നിവ സ്വയം കരുതിയിരിക്കണം.
- പങ്കെടുക്കുന്നവർ ഈ പരിശീലനപരിപാടിയുടെ കാലയളവിൽ തികഞ്ഞ അച്ചടക്കമുള്ളവരും പ്രചോദിതരുമായിരിക്കണം. ഈ പരിശീലനം വിജയപൂർവ്വം മുഴുമിപ്പിക്കുന്നവർ, മണപ്പാക്കത്തോ മറ്റേതെങ്കിലും ആശ്രമങ്ങളിലോ ജോലിക്കാരായി തിരഞ്ഞെടുക്കപ്പെടുവാൻ അർഹതയുള്ളവരായിരിക്കും.

പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. ഈ പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള അഭ്യാസി സഹോദരീസഹോദരർ അവരുടെ അപേക്ഷകൾ ZIC/CIC/PIC മുഖേന അയക്കുക. ആവശ്യമായ പരിശോധനകൾക്കുശേഷം തിരഞ്ഞെടുക്കപ്പെടുന്നവരെ ഇ-മെയിൽ/ഫോൺ/കത്ത് മുഖേന അറിയിക്കുന്നതായിരിക്കും. www.srcm.org/members/ssandesh/2007/2007_12_youth_program_applicationform.pdf എന്ന വെബ്സൈറ്റിൽ അപേക്ഷാഫോറം ലഭ്യമാണ്. അപേക്ഷകൾ താഴെ പറയുന്ന വിലാസത്തിൽ അയക്കുക:

**എസ്. പ്രകാശ്,**
ആശ്രമം മെയിന്റനൻസ് മാനേജർ,
ബാബുജി മെമ്മോറിയൽ ആശ്രമം,
എസ്.ആർ.സി.എം. റോഡ്, മണപ്പാക്കം. ചെന്നൈ - 600 116
ഫോൺ : +91 - 44 - 42171111, + 91 9840096454
ഇ.മെയിൽ : prakash@seechangeworld.com

## VBSE പരിപാടികൾ






2007 ഡിസംബർ 15, 16 തിയ്യതികളിലായി, തമിഴ്നാട്ടിലെ അമരാവതിനഗറിലെ സൈനിക് സ്കൂളിൽ മൂല്യാധിഷ്ഠിത ആത്മീയപരിശീലനപരിപാടി സംഘടിപ്പിച്ചു. സ്കൂൾ പ്രിൻസിപ്പലിന്റെയും ഒരു പഴയ വിദ്യാർത്ഥിയുടെയും അപേക്ഷപ്രകാരമാണ് ഈ പരിപാടി നടത്തിയത്.

സ്കൂളിലെ നഴ്സറി, പ്രൈമറി, ഹൈസ്കൂൾ തലങ്ങളിലെ അമ്പതോളം അദ്ധ്യാപകർ ഇതിൽ പങ്കെടുത്തു. ഈ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട്, പ്രിൻസിപ്പൽ, കേണൽ ജെ.എച്ച്. സാമുവൽ, എല്ലാ സ്കൂളുകളിലും ഇത്തരം പരിപാടികൾ നടത്തേണ്ടുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. പാഠ്യവിഷയങ്ങൾ എങ്ങനെ മൂല്യാധിഷ്ഠിതമായി പഠിപ്പിക്കാമെന്നതിനുപുറമെ പ്രചോദനം, നേതൃത്വഗുണം, സംഘർഷങ്ങൾ കൈകാര്യം ചെയ്യൽ, കുഞ്ഞുങ്ങളുടെ സ്വഭാവരൂപവത്ക്കരണം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകുവാൻ അദ്ദേഹം ആവശ്യപ്പെട്ടു.

പരിശീലനത്തിന്റെ ഭാഗമായി നടത്തിയ ചില പ്രായോഗികപരിപാടികളിൽ അദ്ധ്യാപകർ ഉത്സാഹത്തോടെ പങ്കെടുത്തു. ഹെഡ്മാസ്റ്റർ ലെഫ്റ്റനന്റ് കേണൽ വീർസിങ്ങ് സംസാരിച്ചു. രജിസ്ട്രാർ സ്ക്വ. ലീഡർ സഞ്ജയ് എ. പാട്ടീൽ രണ്ടുദിവസവും സന്നിഹിതനായിരുന്നു. മനസ്സ് നിയന്ത്രണവിധേയമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സഹജമാർഗപദ്ധതിയെപ്പറ്റിയും പരിപാടിയിൽ സംസാരിക്കുവാൻ അവസരം ലഭിച്ചു. അടുത്തവർഷം ഒരു തുറന്ന സദസ്സ് നടത്തുന്നതിൽ പ്രിൻസിപ്പൽ താൽപര്യം പ്രകടിപ്പിച്ചു.

*സിസ്റ്റർ സീതാ കുഞ്ചിതപാദം, ചെന്നൈ*

## മുസാഫർപ്പൂരിൽ നടന്ന പരിശീലനപരിപാടി



2007 ഡിസംബർ 8-ാം തിയ്യതി മുസാഫർപ്പൂർ സെന്ററിൽ പ്രാഥമിക അഭ്യാസിപരിശീലനപരിപാടി സംഘടിപ്പിച്ചു. ബീഹാർ, ജാർഖണ്ഡ് സോണുകളിൽ നിന്നുള്ള അറുപതോളം അഭ്യാസികൾ പങ്കെടുത്ത ഈ പരിപാടി SMRTI നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. ബ്രദർ (ഡോ.) ജി.എം. ബട്നാകറും മനോജ് തിവാരിയുമാണ് ഈ പരിപാടി നടത്തിയത്.

സാധനയുടെ പ്രധാനവശങ്ങളെപ്പറ്റി പ്രഭാഷണവും ചർച്ചയും നടന്നു. പങ്കെടുത്ത അഭ്യാസികൾ തങ്ങൾക്ക് ഈ വിഷയത്തിലുള്ള അറിവ് പ്രകടമാക്കുകയും, സാധനയുടെ പ്രാമുഖ്യത്തെക്കുറിച്ച് കൂടുതൽ അറിവ് നേടുകയും ചെയ്തു. പ്രഭാഷണങ്ങളും ചോദ്യോത്തരങ്ങളും കൊണ്ട് ഓരോ വിഭാഗവും ആസ്വാദ്യകരമായിരുന്നു. ഇതെല്ലാം സഹജമാർഗത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ ഉപകരിച്ചു.

വൈകീട്ട് ഒരു തുറന്ന് സദസ്സുണ്ടായിരുന്നു. ഏകദേശം 30 ഓളം അതിഥികൾ ഈ പരിപാടിയിൽ പങ്കെടുത്തു. സഹജമാർഗത്തെക്കുറിച്ച് പ്രഭാഷണങ്ങളും ചർച്ചയുമുണ്ടായി.

ഡിസംബർ 9 ന് യുവാക്കൾക്കായുള്ള പരിശീലനപരിപാടി ബ്രദർ വിജയകുമാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ചെറുപ്പക്കാരേയും ഹൃദയത്തിൽ ചെറുപ്പം കാത്തുസൂക്ഷിക്കുന്ന അഭ്യാസികളെയും മിഷന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുന്നതിന് പ്രചോദനം നൽകാനും ത്വരിതഗതിയിൽ വളരുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അതുവഴി യോഗ്യരായ അഭ്യാസികളായി മാറാനും ഉദ്ദേശിച്ചുള്ളതായിരുന്നു ഈ പരിപാടി.

ആദ്യത്തെ വിഭാഗത്തിൽ, "മാസ്റ്റർ യുവാക്കളിൽ നിന്നും പ്രതീക്ഷിക്കുന്നത് എന്ത്?" എന്ന വിഷയം ചർച്ച ചെയ്തു. തുടർന്ന് "സാധനയിൽ യുവാക്കൾ നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും" എന്ന വിഷയവും ചർച്ച ചെയ്തു. രണ്ടാമത്തെ വിഭാഗത്തിൽ "യുവാക്കൾക്കായുള്ള നിർദ്ദേശങ്ങളും അവയുടെ പ്രായോഗികതയും" എന്ന വിഷയം ബ്രദർ അജയ്കുമാറും, "യുവാക്കൾ വായിച്ചിരിക്കേണ്ട കൃതികൾ" എന്ന വിഷയം ബ്രദർ ബ്രജേഷ് ബേൺവാളും അവതരിപ്പിച്ചു. ഈ പരിശീലനപരിപാടിക്കുശേഷം നമ്മുടെ സാധനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും നമ്മുടെ സെന്ററിൽ വരുത്തേണ്ടുന്ന മാറ്റങ്ങളെക്കുറിച്ചും ഗ്രൂപ്പ് ചർച്ച നടത്തി. ചർച്ചയ്ക്കുശേഷം ഓരോ ഗ്രൂപ്പിൽ നിന്നും പ്രതിനിധികൾ അവിടെ നടന്ന ചർച്ചയുടെ സാരാംശം അവതരിപ്പിച്ചു. അവസാനമായി മുസാർഫർപ്പൂർ സെന്ററിലെ കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികളും ഉണ്ടായിരുന്നു.

തങ്ങളുടെ സാധനയെ ബലപ്പെടുത്തുന്നതിന് ഇത്തരത്തിലുള്ള പരിപാടികൾ വീണ്ടും നടത്തേണ്ടത് ആവശ്യമാണെന്ന് അഭ്യാസികൾ അഭിപ്രായപ്പെട്ടു.

## തുറന്ന സദസ്സ് ആന്ധ്രാപ്രദേശിൽ



പല സെന്ററുകളിലും കുടുംബയോഗങ്ങളും 'തുറന്ന സദസ്സുകളും' നടത്തുന്നത് മിഷന്റെ വളർച്ചയ്ക്കായി പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഭോംഗിർ സെന്ററിൽ ഒരു തുറന്ന സദസ്സ് ആഗസ്റ്റ് 23, 2007 ന് നടത്തി. ഈ വർഷാരംഭത്തിൽ ആരംഭിച്ച ഈ സെന്ററിൽ ഇപ്പോൾ നൂറോളം അഭ്യാസികളുണ്ട്. ഹൈദരാബാദിൽ നിന്നും വന്ന പ്രിസപ്റ്റർമാരും ബ്രദർ ഭിക്ഷമും ചേർന്ന് ഈ പരിപാടിയുടെ മേൽനോട്ടം വഹിച്ചു. ഇരുനൂറോളം പേർ പങ്കെടുത്തതിൽ 20 പേർ സഹജമാർഗപരിശീലനം തുടങ്ങി. ഒരു വർഷം മുമ്പ് ഇവിടെ ഒരഭ്യാസിപോലും ഉണ്ടായിരുന്നില്ലെന്നത് അവിശ്വസനീയം തന്നെയായിരുന്നു.

നാഗാർജ്ജുനസാഗർ, ബപ്പാട്ടിയയിലെ കാർഷികസർവ്വകലാശാലയിലെ ജോലിക്കാർ, വിദ്യാർത്ഥികൾ മൈഡാകൂറിലെ ഹോം സയൻസ് കോളേജ്, എഞ്ചിനിയറിങ്ങ് കോളേജ്, കഡപ്പയിലെ എഞ്ചിനീയറിങ്ങ് കോളേജിലെ ജോലിക്കാർ, വിദ്യാർത്ഥികൾ, പ്രോവിഡണ്ട് ഫണ്ട് ഓഫീസ്, ഹൈദരാബാദിലെ എച്ച്.എ.എല്ലിലെ ജോലിക്കാർ, ബി.എച്ച്.ഇ. എല്ലിലെ ഡിഗ്രിവിദ്യാർത്ഥികൾ എന്നിവർ ഈ തുറന്ന സദസ്സുകളിൽ പങ്കെടുത്തു.

## സേവനത്തിലൂടെ അർഹരാവുക





2007 നവംബർ 3, 4 തിയ്യതികളിൽ മൈസൂർ സെന്ററിൽ ഒരു ദ്വിദിനപരിശീലനപരിപാടി സംഘടിപ്പിച്ചു. ശീഘ്രവും സ്ഥിരവുമായ ആത്മീയപുരോഗതിക്ക് സേവനത്തിന്റെ വഴിയാണ് ഉത്തമമെന്നും സേവനത്തിലൂടെ മാത്രമെ ഗുരുകൃപക്ക് പാത്രീഭൂതരാവാനാകൂ എന്നുമുള്ള സന്ദേശങ്ങൾ ഈ പരിപാടിയിലൂടെ അഭ്യാസികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചു. പരിശീലനപരിപാടിയിലെ വിഷയങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

- സേവനത്തിന്റെ ആവശ്യകത അറിയുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക.
- ഒരു ടീം ആയി ജോലി ചെയ്യുന്നതിന് സേവനത്തിലുള്ള പങ്ക്.
- മിഷനിൽ ഇപ്പോഴുള്ള സേവനസാദ്ധ്യതകളെ തിരിച്ചറിഞ്ഞ് അതിൽ ഭാഗഭാക്കാവുന്നതിന്റെ പ്രാധാന്യം

മൈസൂർ, ഹൻസൂർ, കെ.ആർ. നഗർ, നഞ്ചൻഗുഢ്, കൊല്ലെഗൽ, ഹാനൂർ, ചാമരാജ് നഗർ, ടി. നർസിപൂർ തുടങ്ങിയ സെന്ററുകളിൽ നിന്നും ഏകദേശം 125 പേർ ഇതിൽ പങ്കെടുത്തു.

സത്സംഗത്തോടെ തുടങ്ങിയ ആദ്യദിവസത്തിൽതന്നെ ഈ പരിപാടിയുടെ ലക്ഷ്യത്തെക്കുറിച്ച് പങ്കെടുക്കുന്നവരെ ഉദ്ബോധിപ്പിച്ചു. കൂട്ടായി ജോലി ചെയ്യുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കാനും ഗ്രൂപ്പുകളായി ചർച്ച ചെയ്യാനും അഭ്യാസികളോട് ആവശ്യപ്പെട്ടു. എല്ലാവർക്കും പങ്കെടുക്കാവുന്ന തരത്തിലുള്ള കളികളിലൂടെ പഠനം സരസമാക്കി. സേവനത്തിന്റെയും കൂട്ടായ്മയുടെയും ആവശ്യകതയും, ഉയർന്നുവരാൻ സാധ്യതയുള്ള വെല്ലുവിളികളെപ്പറ്റിയും അവയെ മറികടക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

രണ്ടാമത്തെ ദിവസം സേവനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ച നടത്തി. സേവനത്തിന്റെ ആവശ്യകത, ഒരു സേവകന്റെ മനോഭാവം, ജോലിയുടെ വിവിധ വശങ്ങൾ, സേവകരെ വളർത്തുന്നതിൽ പ്രിഫക്റ്റുമാരുടെയും കാര്യനിർവാഹകരുടെയും പങ്ക് തുടങ്ങിയവ ചർച്ചാവിഷയങ്ങളായിരുന്നു. ഓരോ ഗ്രൂപ്പിൽ നിന്നുമുള്ള പ്രതിനിധികൾ ചർച്ചയ്ക്കുശേഷം അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

മാസ്റ്റർ, മിഷൻ, പരിശീലനപ്രക്രിയ എന്നിവയെപ്പറ്റി അഭ്യാസികളുടെ ഇടയിൽ ക്വിസ് പരിപാടി ഉണ്ടായി.. ഇതിനുശേഷം പരിശീലനപരിപാടികൾ, തുറന്ന സദസ്സ്, വി.ബി.എസ്.ഇ. യുടെ പ്രവർത്തനങ്ങൾ, മുഴുവൻദിനപരിപാടികൾ തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്തു. വൈകുന്നേരം സത്സംഗത്തോടെ പരിപാടി സമാപിച്ചു.

ബ്രദർ (ഡോ.) കൃഷ്ണമൂർത്തി, ബാംഗ്ലൂർ.

## ബാലവാടിക, ബാംഗ്ലൂർ



*"കുടുംബത്തിലെ സന്തുലിതാവസ്ഥയ്ക്കും സമാധാനത്തിനും അനുഗ്രഹാവസ്ഥയ്ക്കും കുഞ്ഞുങ്ങൾ അത്ഭുതകരമായ വിധത്തിൽ കാരണമാകുന്നു. കുഞ്ഞുങ്ങൾ, നമ്മുടെ ജീവിതം സന്തോഷപൂർണമാക്കുന്നതിനാവശ്യമായ വെളിച്ചവും ആഹ്ലാദവും പ്രദാനം ചെയ്യുന്നു. അവരുടെ കുടുംബങ്ങളെ മാത്രമല്ല, മനുഷ്യരാശിയെ മുഴുവനായും അവർ പ്രതിനിധീകരിക്കുന്നു. അവരുടെ വളർച്ചയ്ക്കും പരിണാമത്തിനും ശ്രമിക്കുന്നതിലൂടെ മനുഷ്യരാശിയുടെ ഭാവി കരുപിടിപ്പിക്കുന്നതിൽ നമ്മൾ പങ്കുചേരുന്നു"*

ശ്രീ. പി. രാജഗോപാലാചാരി

കുഞ്ഞുങ്ങൾക്ക് സന്തുലിതമായ അന്തരീക്ഷം പ്രദാനം ചെയ്യുക, ഞായറാഴ്ചകളിൽ സത്സംഗം നടക്കുമ്പോൾ തങ്ങളുടെ കുഞ്ഞുങ്ങൾക്കു വേണ്ട ശ്രദ്ധ ലഭിക്കുന്നുണ്ടെന്ന് മാതാപിതാക്കന്മാർക്ക് ഉറപ്പു കൊടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ബാംഗ്ലൂരിലെ ബാലവാടിക പ്രവർത്തിക്കുന്നു.

ഞായറാഴ്ചകളിൽ ഇത് പ്രാവർത്തികമാക്കുന്നതിനായി വളണ്ടിയർമാരെയും, കോ-ഓർഡിനേറ്റർമാരെയും ക്രമമനുസരിച്ച് മാറ്റുന്ന ഒരു വ്യവസ്ഥിതി ഉണ്ടാക്കി. മൂന്നുമാസത്തേക്കുള്ള വളണ്ടിയർമാരുടെ പട്ടിക തയ്യാറാക്കുകയും കോ-ഓർഡിനേറ്റർമാരെ അവരുടെ പരിചയസമ്പത്ത് ഉപയോഗിച്ചുകൊണ്ട് കേന്ദ്രത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടതു ചെയ്യാനുള്ള അധികാരം നൽകുകയും ചെയ്തു. കുഞ്ഞുങ്ങൾക്ക് വളണ്ടിയർമാർ മാതൃകയാവേണ്ടതിന് ഊന്നൽ നൽകിയിരുന്നു.

നല്ല പ്രവർത്തനം കാഴ്ചവെക്കാൻ ഇത് സഹായിച്ചു. കഥപറയൽ, പാവകളെ ഉണ്ടാക്കൽ, ചോദ്യോത്തരപരിപാടികൾ, അഭിനയം, പാട്ടുപാടൽ, വായന, ചിത്രരചന തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ കുട്ടികൾക്കായി സംഘടിപ്പിക്കാനായി. 8-10 ആഴ്ചയിലൊരിക്കൽ മാത്രം അവസരം കിട്ടുന്നതുകൊണ്ട് കോ-ഓർഡിനേറ്റർമാർ എല്ലായ്പ്പോഴും പുതിയ ആശയങ്ങളുമായി മുന്നോട്ടുവരുന്നുണ്ട്. തങ്ങളുടെ ഊഴത്തിൽ മാറ്റം വരാനുള്ള സാധ്യത കണക്കിലെടുത്ത് അവർ മുൻകൂട്ടി തയ്യാറെടുക്കാറുണ്ട്. വളണ്ടിയർമാർക്ക് സത്സംഗത്തിൽ തടസ്സമില്ലാതെ പങ്കെടുക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. അവർ ചെയ്യുന്ന പ്രവൃത്തിയോട് ആസക്തി ഒഴിവാക്കാൻ ഇപ്രകാരം സാധിക്കുന്നു. തുടക്കത്തിൽ ബുദ്ധിമുട്ടുകൾ തോന്നിയവർക്ക് അതെല്ലാം മറികടന്ന് അടുത്ത തലത്തിലെ ജോലികൾ ഏറ്റെടുക്കാനുള്ള ധൈര്യം ആർജ്ജിക്കാനായിട്ടുണ്ട്.

സന്തുലിതമായ അന്തരീക്ഷവും വളണ്ടിയർമാരുടെ പ്രവർത്തനവും മാതാപിതാക്കളെ ആകർഷിക്കുകയും അവർതന്നെ വളണ്ടിയർമാരായി പ്രവർത്തിക്കാൻ സന്നദ്ധത കാട്ടുകയും ചെയ്യുന്നുണ്ട്. തുടക്കത്തിൽ പ്രശ്നങ്ങൾ ധാരാളമുണ്ടായിരുന്നെങ്കിലും, വളണ്ടിയർമാരുടെയും ആശ്രമഭാരവാഹികളുടെയും ക്ഷമയോടെയുള്ള കാര്യനിർവ്വഹണം മൂലം ഉടനടി സമാധാനം കണ്ടെത്തുവാനും വേണ്ട മാറ്റങ്ങൾ വരുത്തുവാനും സാധിച്ചു.

ബ്രദർ പ്രഭാകർ രവൂരി, ബാംഗ്ലൂർ

## അഭ്യാസി പരിശീലന പരിപാടി - ഇൻഡോർ സെന്റർ



ഇൻഡോർ ആശ്രമത്തിൽ ഒരു അഭ്യാസി പരിശീലന പരിപാടി 2007 ഡിസംബർ 28 മുതൽ 30 വരെ സംഘടിപ്പിച്ചു. മധ്യപ്രദേശിലെ പല ഭാഗങ്ങളിൽ നിന്നുമുള്ള തൊണ്ണൂറോളം അഭ്യാസികൾ ആശ്രമത്തിൽ താമസിച്ച് ഈ പരിപാടിയിൽ പങ്കുകൊണ്ടു. ദിവസേന ചെയ്യേണ്ട സാധന, സാധനയുടെ വിവിധവശങ്ങളെപ്പറ്റിയുള്ള ചർച്ച, ചോദ്യോത്തരങ്ങൾ, മിഷൻ പുസ്തകപാരായണം തുടങ്ങിയവ പരിശീലനപരിപാടിയുടെ ഭാഗമായിരുന്നു.



മാസ്റ്ററുടെ നിർദ്ദേശാനുസരണം സാധന ചെയ്യുന്നതിനുള്ള പ്രായോഗികപരിശീലനത്തിന് ഈ പരിപാടി പ്രത്യേകം ഊന്നൽ നൽകിയിരുന്നു.

അഭ്യാസികളുടെ സാധനയിൽ ആത്മാർത്ഥതയും നിഷ്ഠയും കൊണ്ടുവരുന്നതിന് പ്രത്യേക ഉണർവും ആവേശവും ദൃശ്യമായിരുന്നു. പരിപാടിയിൽ നിന്നുള്ള അനുഭവങ്ങൾ ചില അഭ്യാസികൾ അവസാനദിവസം പങ്കുവെച്ചു. പരിപാടിയിലുടനീളം മാസ്റ്ററുടെ അനുഗ്രഹവും സാന്നിദ്ധ്യവും ഏവർക്കും അനുഭവപ്പെട്ടു.

ബ്രദർ അവിനാഷ് കർമാർക്കറും ബ്രദർ രമേഷ് രവേർക്കറും, ഇൻഡോർ

## അഭ്യാസി പരിശീലനപരിപാടി - ഗുജറാത്ത്



എല്ലാമാസവും രണ്ടാമത്തെ ആഴ്ചയുടെ അവസാനദിനം, രണ്ടുവർഷത്തിലേറെയായി പരിശീലനം നടത്തുന്ന അഭ്യാസികൾക്ക് ഹിന്ദിയിലും ഗുജറാത്തിയിലും സഹജമാർഗ പരിശീലനപരിപാടി നടത്തിവരാറുണ്ട്. ഗുജറാത്ത് സോണിലെ എല്ലാ അഭ്യാസികൾക്കുമായി അഹമ്മദാബാദ് - അത്‌ലജ് ആശ്രമത്തിൽ വെച്ചാണ് ഈ പരിപാടി നടത്തുന്നത്.

മാസ്റ്റർ ഉദ്ദേശിച്ചപ്രകാരം, മിഷന് മുതൽക്കൂട്ടാവാൻ സാധ്യതയുള്ളവരെ കണ്ടെത്തി, പരിശീലനത്തിലൂടെ തയ്യാറാക്കുക എന്നതാണ് ഇത്തരം പരിശീലനപരിപാടികളുടെ പ്രധാനമായ ഉദ്ദേശ്യം.

ഗുജറാത്തിയിൽ, അടുത്തിടെ നടന്ന പരിപാടി ശനിയാഴ്ച രാവിലെ 8 മണിക്ക് തുടങ്ങി ഞായറാഴ്ച 4 മണിക്ക് അവസാനിച്ചു. നാല്പതോളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. അഭ്യാസികൾ തമ്മിൽ ഇടപഴകാൻ ഉദ്ദേശിച്ചുള്ളവയായിരുന്നു പരിപാടികൾ. ഹൃദയം തുറന്ന് തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അഭ്യാസികൾക്ക് ഇത് അവസരം നൽകി. 'സെന്ററിന്റെ വളർച്ചയിൽ എങ്ങനെ പങ്കുചേരാം' തുടങ്ങിയ വിഷയങ്ങൾ തുറന്ന ചർച്ചയ്ക്കും അഭിപ്രായപ്രകടനത്തിനും സാധ്യതയൊരുക്കി. ആത്മീയമൂല്യങ്ങളെ അടിസ്ഥാനമാക്കി ചെറിയ പരിപാടികൾ ഗ്രൂപ്പുകളായി അവതരിപ്പിച്ചു.

പരിപാടിയിലെ ഒരു വിഭാഗത്തിൽ, 'മാസ്റ്ററെ ആദ്യമായി കണ്ടതിനുശേഷം എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായി' എന്ന വിഷയത്തിനെപ്പറ്റി ഓരോ ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് അഭ്യാസികൾ സംസാരിച്ചു. ഈ അവസരത്തിൽ മാസ്റ്ററുടെ സാന്നിദ്ധ്യം പ്രകടമായിരുന്നു.

'സഹജമാർഗം എങ്ങനെ പുതിയവർക്ക് പരിചയപ്പെടുത്താം', 'മുറ തെറ്റാതെ ക്രമമായി സാധന ചെയ്യേണ്ടതിന്റെ പ്രാധാന്യം' തുടങ്ങിയ പ്രധാനവിഷയങ്ങളെപ്പറ്റി വിശദമായി സംസാരിച്ചു. ഈ പ്രഭാഷണങ്ങൾ മാസ്റ്റർ, മിഷൻ, പരിശീലനപ്രക്രിയ എന്നിവയെ അഭ്യാസികൾക്ക് നന്നായി മനസ്സിലാക്കുന്നതിന് നിത്യജീവിതാനുഭവങ്ങൾ എടുത്തുകാട്ടി വിവരിച്ചു. ബ്രദർ സുരേഷ് രാജഗോപാലൻ, താര ചൗഹാൻ, ജിഗ്നേഷ് ഷെലാത്ത്, (ഡോ.) വിനോദ് അഗർവാൾ, (ഡോ.) സുരേന്ദ്ര അഗർവാൾ, ഹിരൺഷാ, ഭാവിൻ പട്ടേൽ, ഹർഷ ചൗഹാൻ, രാജേന്ദ്ര രാത്തോഡ്, വിഭാ രാത്തോഡ്, വിലാസ് ബോണ്ടെ, സമിത് പട്ടേൽ തുടങ്ങിയവർ സംസാരിച്ചു.

പരിശീലനപരിപാടിയുടെ ഭാഗമായി ഓരോ ഗ്രൂപ്പിനും ഒരു വിഷയം നൽകി അതിലുള്ള ആത്മീയമൂല്യത്തെപ്പറ്റി സംസാരിക്കാൻ ആവശ്യപ്പെട്ടത് ആത്മീയോന്നതിക്ക് പ്രചോദനം നൽകുന്നതായിരുന്നു. ശനിയാഴ്ച രാത്രി നടത്തിയ 'ക്യാമ്പ് ഫയർ' അഭ്യാസികളുടെ ഇടയിൽ സാഹോദര്യവും കൂട്ടായ്മയും വളർത്താൻ സഹായിച്ചു.

പരിപാടിയിലുണ്ടായ നാലു സത്സംഗങ്ങളും പ്രത്യേകതയുള്ളവയായിരുന്നു. സത്സംഗങ്ങളിൽ ഉണ്ടാവുന്ന അന്തരീക്ഷം അഭ്യാസികളുടെ ആന്തരീകചോദന വളരാൻ പര്യാപ്തമായി. ബറോഡയിൽ 2009 ജൂലൈ 24 ന് നടക്കുന്ന ഭണ്ഡാരയിൽ, ഉത്തരവാദിത്തങ്ങളേറ്റെടുത്ത് നിർണ്ണായകമായ പങ്കുവഹിക്കാനായി, ആത്മാർത്ഥതയുള്ള അഭ്യാസികളുടെ ഒരു ടീമിനെ സൃഷ്ടിക്കുന്നതിന് ഇത്തരം പരിപാടികൾ സഹായകമാകുമെന്നതിൽ ഞങ്ങൾക്കുറപ്പുണ്ട്.

© 2008 Shri Ram Chandra Mission ("SRCM"). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.
This message may be edited for content and is intended exclusively for the members of SRCM.
The views expressed herein are not necessarily those of SRCM.
Privacy Statement: http://www.srcm.org/members/privacypolicy.jsp